**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 116** **07-10-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർപൂരം അലങ്കോലമാക്കിയെന്ന ആരോപണത്തിൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൃശ്ശൂർ പൂരം അലങ്കോലമാക്കിയെന്ന ആരോപണത്തെക്കുറിച്ചും വെടിക്കെട്ട് വൈകിയതിനെക്കുറിച്ചും അന്വേഷണം നടത്തിയിരുന്നോ; വിശദമാക്കുമോ; | (എ) | 2024-ലെ തൃശൂർ പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിച്ച വിവിധ പരാതികളും നിവേദനങ്ങളും അന്വേഷിച്ച് എ.ഡി.ജി.പി (L&O) സമർപ്പിച്ച റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | അന്വേഷണ റിപ്പോർട്ട് പുറത്തുവിട്ടിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അത് എന്നത്തേക്ക് പുറത്തു വിടുമെന്ന് അറിയിക്കുമോ; | (ബി) | അന്വേഷണ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും വിഷയം സംബന്ധിച്ച് കൂടുതൽ സമഗ്രമായ അന്വേഷണം നടത്താൻ തീരുമാനിക്കുകയും ചെയ്തു.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ പൂരം അലങ്കോലമാക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ വെളിപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കാൻ ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി ശ്രീ. എച്ച് വെങ്കിടേഷ് ഐ. പി. എസ്-ന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം (SIT) രൂപീകരിച്ചും പൂരവുമായി ബന്ധപ്പെട്ട ചുമതല നൽകിയിരുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യങ്ങൾ അന്വേഷിക്കുന്നതിന് ഇന്റലിജൻസ് എ.ഡി.ജി.പി ശ്രീ മനോജ് എബ്രഹാം ഐ.പി.എസ്-നെ ചുമതലപെടുത്തിയും പൂരം നടക്കുന്ന സമയത്ത് തൃശൂരിൽ തന്നെയുണ്ടായിരുന്ന എ.ഡി.ജി.പി (L&O) യുടെ ഭാഗത്തു നിന്നും പ്രശ്നം പരിഹരിക്കുന്നതിന് ഇടപെടലുകൾ ഉണ്ടായിട്ടില്ലെന്നും അത് അദ്ദേഹത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ അതെക്കുറിച്ച് അന്വേഷിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന |

| | | | |
|---|---|---|---|
| | | | പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | കുറ്റക്കാരായവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | (ബി) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ